# പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :170 18/03/13-ൽ മറുപടിക്ക്

## ഫിർമ മുഖാന്തിരം പോള വാരുന്നതിനുള്ള റീടെൻഡർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ.കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖാന്തിരം പോള വാരുന്നതിന് റീടെൻഡർ ചെയ്ത പ്രവൃത്തി ആരാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) ബോംബെ ജെ.സി.ബി.എർത്ത് മൂവേഴ്സ് എന്ന സ്ഥാപനമാണ് റീടെൻഡർ ചെയ്ത പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. |
| (ബി) പ്രസ്തുത കരാറുകാരനുമായി എന്നാണ് എഗ്രിമെന്റ് വെച്ചതെന്നും എഗ്രിമെന്റിന്റെ പകർപ്പും സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ; | (ബി) കരാറുകാരനുമായി വിശദമായ എഗ്രിമെൻറ് ഒപ്പുവച്ചിട്ടില്ല. ടെൻഡറിനോടനുബന്ധമായുള്ള പ്രാഥമിക കരാർ മാത്രമാണ് ഒപ്പുവച്ചിട്ടുള്ളത്. വിശദമായ എഗ്രിമെൻറ് ഒപ്പുവയ്ക്കുന്നതിന് മുമ്പായി കുട്ടനാട് പ്രദേശത്തെ പൊതുജലാശയങ്ങളുടെ മാപ്പ്(Map) തയ്യാറാക്കേണ്ടതും പോളയുടെ ബയോമാസ്സ് നിർണയിക്കേണ്ടതുമുണ്ട്. ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.പ്രസ്തുത മാപ്പ്(Map) ലഭ്യമായാൽ മാത്രമെ അന്തിമ ഉടമ്പടി ഒപ്പിടുവാൻ സാധിക്കുകയുള്ളൂ.<br><br>കുട്ടനാട് പ്രദേശത്തെ പോളശല്യം ഗുരുതരമായതിനാൽ പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ ജോലി ആരംഭിക്കുന്നതിന് അനുമതി നല്കിയിട്ടുള്ളതും ജോലി ആരംഭിച്ചിട്ടുള്ളതുമാണ്. പൈലറ്റ് അടിസ്ഥാനത്തിലുള്ള പോളവാരൽ |

| | |
|---|---|
| | പ്രവൃത്തിയുടെ കാര്യക്ഷമത കൂടി പരിശോധിച്ച ശേഷമായിരിക്കും അന്തിമ കരാർ ഒപ്പുവയ്ക്കുന്നത്. |
| (സി) കുട്ടനാട്ടിലെ എസിക്കനാൽ, ഭ്രുതപണ്ഡം കായൽ എന്നിവിടങ്ങളിലെ പോള വാരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) എ.സി.കനാലിൽ പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ പ്രവൃത്തി ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഭ്രുതപണ്ഡം കായലിലും പോളവാരൽ പ്രവൃത്തി തുടങ്ങുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) റീടെൻഡർ ചെയ്ത് പോള വാരുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് വിശദമാക്കുമോ; | (ഡി) പൈലറ്റ് അടിസ്ഥാനത്തിൽ പോളവാരൽ പ്രവൃത്തി ആലപ്പുഴ ജില്ലയിൽ രാമങ്കരി പഞ്ചായത്തിലും (എ.സി.കനാൽ) കോട്ടയം ജില്ലയിൽ തിരുവാർപ്പ് പഞ്ചായത്തിലും (കാഞ്ഞിരം-വെട്ടിക്കാട് തോട്) ആരംഭിച്ചിട്ടുണ്ട്. |
| (ഇ) പോളവാരുന്നതിന് കരാർ നൽകിയത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) മുൻ കരാറുകാരനായ ശ്രീ.റെജോ ജേക്കബ് ബഹു:ഹൈക്കോടതിയിൽ WP(C) 28524/12 നമ്പർ കേസ് ഫയൽ ചെയ്തിരുന്നതും 29/11/12 ലെ ഉത്തരവ് പ്രകാരം സ്റ്റേ അനുവദിച്ചിരുന്നതുമാണ്. കേസ് വിശദമായി പരിശോധിച്ചതിനുശേഷം 14/12/12 ലെ ഉത്തരവ് പ്രകാരം പ്രസ്തുത സ്റ്റേ ബഹു:ഹൈക്കോടതി നീക്കം ചെയ്തിട്ടുണ്ട്. |
| (എഫ്) നേരത്തെ പോളവാരിയിരുന്ന കരാറുകാരന് കുടിശ്ശിക തുക നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഉണ്ടെന്നും എവിടെയെല്ലാം പോള വാരിയതിന്റെ ബിൽ തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നും വിശദമാക്കുമോ ? | (എഫ്) നേരത്തെ പോള വാരിയ കരാറുകാരനുമായി 44.10 ലക്ഷം രൂപയുടെ ബിൽ സെറ്റിൽ ചെയ്യാനുണ്ട്. കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ 24[illegible]ാം വാർഡ്,പായിപ്പാട് പഞ്ചായത്തിലെ ഒന്നാം വാർഡ് എന്നിവിടങ്ങളിലൂടെയുള്ള എ.സി.കനാലിൽ നിന്നും പോള വാരിയതിന്റെ ബിൽ തുകയാണ് തീർപ്പാക്കാനുള്ളത് |

സെക്ഷൻ ആഫീസർ